പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

18.12.2014 -ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4838.

## ഉപഭോക്തൃ കമ്മീഷൻ ഉപഭോക്തൃ ജില്ലാ ഫോറങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട്

ചോദ്യം
ശ്രീ.എ. കെ. ബാലൻ

ഉത്തരം
ശ്രീ.അനൂപ് ജേക്കബ്
(ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന ഉപഭോക്തൃ കമ്മീഷൻ, ഉപഭോക്തൃ ജില്ലാ ഫോറങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് എപ്രകാരമാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാന ഉപഭോക്തൃ കമ്മീഷന്റേയും ജില്ലാ ഫോറങ്ങളുടേയും പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സംസ്ഥാന സർക്കാർ മുഖാന്തിരമാണ് ലഭ്യമാകുന്നത്. കെട്ടിട നിർമ്മാണ / നിർമ്മാണേതര പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭ്യമാകുന്നുണ്ട്. |
| (ബി) | ദേശീയ കമ്മീഷൻ സംസ്ഥാന കമ്മീഷനുകൾക്കും ജില്ലാ ഉപഭോക്തൃ ഫോറങ്ങൾക്കും സഹായം നൽകുന്നുണ്ടോ ; | (ബി) | ദേശീയ കമ്മീഷൻ സംസ്ഥാന കമ്മീഷനുകൾക്കും ജില്ലാ ഉപഭോക്തൃ ഫോറങ്ങൾക്കും സഹായം ഒന്നും നൽകുന്നില്ല. |
| (സി) | ഉണ്ടെങ്കിൽ കഴിഞ്ഞ മൂന്ന് വർഷം ലഭിച്ച സഹായത്തിന്റെ വിശദാംശങ്ങൾ നൽകുമോ ; ലഭിക്കുന്ന തുക കമ്മീഷനുകൾക്കും ഫോറങ്ങൾക്കും നേരിട്ടാണോ ലഭിക്കുന്നത് ; സിവിൽ സപ്ലൈസ് വകുപ്പ് മുഖാന്തിരമാണോ ലഭിക്കുന്നത് ; വ്യക്തമാക്കുമോ ; | (സി) | ബാധകമല്ല. |
| (ഡി) | സംസ്ഥാന കമ്മീഷൻ, ജില്ലാ ഫോറം എന്നിവയുടെ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് സാമ്പത്തിക സഹായം നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇത് നേരിട്ടാണോ, സിവിൽ സപ്ലൈസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നാണോ നൽകുന്നത് ; വ്യക്തമാക്കുമോ ; | (ഡി) | ഉണ്ട്. സിവിൽ സപ്ലൈസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് നൽകുന്നത്. |

<table>
<tr>
<td>(ഇ)</td>
<td>നേരിട്ടാണെങ്കിൽ കഴിഞ്ഞ മൂന്ന് വർഷം അനുവദിച്ച തുകയുടെ വിശദാംശങ്ങൾ നൽകുമോ ; സിവിൽ സപ്ലൈസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നാണെങ്കിൽ കഴിഞ്ഞ മൂന്ന് വർഷം കമ്മീഷന്റേയും ജില്ലാ ഫോറങ്ങളുടേയും പ്രവർത്തനങ്ങൾക്ക് എത്ര വീതം വകുപ്പ് നൽകിയിട്ടുണ്ട് ;</td>
<td>(ഇ)</td>
<td>കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി സംസ്ഥാന ഉപഭോക്തൃ കമ്മീഷന്റേയും ജില്ലാ ഉപഭോക്തൃ ഫോറങ്ങളുടേയും പ്രവർത്തനങ്ങൾക്കായി സിവിൽ സപ്ലൈസ് വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.
<table>
<tr><th>സാമ്പത്തിക വർഷം</th><th>അനുവദിച്ച തുക (കോടിയിൽ)</th></tr>
<tr><td>2011 -2012</td><td>6.5156/-</td></tr>
<tr><td>2012 -2013</td><td>6.6034/-</td></tr>
<tr><td>2013 -2014</td><td>7.0318/-</td></tr>
</table>
</td>
</tr>
<tr>
<td>(എഫ്)</td>
<td>ഉപഭോക്തൃ അവകാശങ്ങൾ സംബന്ധിച്ച പ്രചരണ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ മൂന്ന് വർഷം ചെലവഴിച്ച തുകയും ഓരോ വർഷവും നടത്തിയ പ്രചരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും നൽകുമോ ; പണം ചെലവഴിച്ചത് കമ്മീഷനാണോ, വകുപ്പാണോ ; വ്യക്തമാക്കുമോ ;</td>
<td>(എഫ്)</td>
<td><u>2011 -2012</u><br><br>ഉപഭോക്തൃ ബോധവത്ക്കരണത്തിനായി സെമിനാറുകൾ, ശില്പശാലകൾ, ബാനറുകൾ പ്രദർശിപ്പിക്കുന്നത് , തെരുവ് നാടകങ്ങൾ സംഘടിപ്പിക്കുന്നത്, ലഘുരേഖകൾ വിതരണം ചെയ്യുന്നത് എന്നിവയ്ക്കായി 27,25,108/- രൂപ കേന്ദ്ര സർക്കാർ അനുവദിച്ച 28 ലക്ഷം രൂപയിൽ നിന്നും ചെലവഴിച്ചു. റേഷൻ സാധനങ്ങളുടെ വിഹിതം സംബന്ധിച്ച പരസ്യ ചിത്രത്തിന്റെ നിർമ്മാണത്തിനും സംപ്രേഷണത്തിനുമായി കേന്ദ്ര സർക്കാർ സഹായമായി ലഭിച്ച 20 ലക്ഷം രൂപ ഉൾപ്പെടെ 29,30,340/-രൂപ ദൂരദർശന് നല്കിയിട്ടുണ്ട്.<br><br><u>2012 – 2013</u><br><br>ഉപഭോക്തൃ ബോധവത്ക്കരണത്തിനായി സെമിനാറുകൾ, ശില്പശാലകൾ, ഉപഭോക്തൃ ദിനാചരണം, ലഘുരേഖകൾ വിതരണം ചെയ്യുന്നത് എന്നിവയ്ക്കായി 20,45,306/- രൂപ കേന്ദ്ര സർക്കാർ വിഹിതത്തിൽ നിന്നും ചെലവഴിച്ചു.<br>ഉപഭോക്തൃ ബോധവത്ക്കരണത്തിനായി കൈപുസ്തകങ്ങൾ , നോട്ടീസുകൾ എന്നിവ അച്ചടിച്ച് വിതരണം</td>
</tr>
</table>

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനും ഉപഭോക്തൃ ബോധവത്ക്കരണം ലക്ഷ്യമിട്ടുകൊണ്ടുള്ള എക്സിബിഷനുകൾ സംഘടിപ്പിക്കുന്നതിനും ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിനുമായി കേന്ദ്ര സർക്കാർ വിഹിതത്തിൽ നിന്നും ആകെ 27,82,102/- രൂപ ചെലവഴിച്ചു.<br>ഉപഭോക്തൃ ബോധവത്ക്കരണത്തിനായി പരസ്യചിത്രങ്ങൾ നിർമ്മിച്ച് വിവിധ ദൃശ്യമാധ്യമങ്ങൾ മുഖേന സംപ്രേഷണം ചെയ്യുന്നതിന് 13,97,391/- രൂപയും ബുക്ക് ലെറ്റ്, ബ്രോഷർ എന്നിവ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് 4,29,318/- രൂപയും കേന്ദ്ര സർക്കാർ വിഹിതത്തിൽ നിന്നും ചെലവഴിച്ചു.<br><br>**<u>2013 -2014</u>**<br><br>2013 ഡിസംബർ 24 -ാം തീയ്യതിയിലെ ഉപഭോക്തൃ ദിനാചരണ പരിപാടികൾ സംസ്ഥാനമൊട്ടാകെ സംഘടിപ്പിക്കുന്നതിനായി ആകെ 7,73,500/- രൂപ ചെലവഴിച്ചു. എല്ലാ ജില്ലകളിലും വകുപ്പിന്റെയും സപ്ലൈകോയുടെയും ആഭിമുഖ്യത്തിലാണ് പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ളത്.<br>ഈ തുക സിവിൽ സപ്ലൈസ് വകുപ്പ് മുഖേനയാണ് ചെലവഴിച്ചിട്ടുള്ളത്. |
| (ജി) | ഓരോ വർഷവും നടത്തിയ പ്രചരണ പ്രവർത്തനങ്ങൾക്ക് വേദിയായി തെരഞ്ഞെടുക്കപ്പെട്ട ഹോട്ടലുകളും അവയ്ക്ക് ചെലവായ തുകയും വ്യക്തമാക്കുമോ ; സാധാരണക്കാർക്ക് അപ്രാപ്യമായ ഇത്തരം വേദികൾ തെരഞ്ഞെടുക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ? | (ജി) | 2011-12 വർഷം ഉപഭോക്തൃ ബോധവത്ക്കരണത്തിനായി കോഴിക്കോട് ജില്ലയിലെ ഹോട്ടൽ നളന്ദ വേദിയായി തെരഞ്ഞെടുത്തതിൽ 3000/- രൂപ ചെലവായിട്ടുണ്ട്.<br><br>2012 – 13 വർഷം കോഴിക്കോട് ജില്ലയിലെ ഹോട്ടൽ നളന്ദ വേദിയായി തെരഞ്ഞെടുത്തതിൽ 4180/- രൂപയും എറണാകുളം ജില്ലയിലെ ന്യൂ ഭാരത് ടൂറിസ്റ്റ് ഹോം വേദിയായി തിരഞ്ഞെടുത്തതിൽ 45,752/- രൂപയും ചെലവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2013 - 14 വർഷം കോഴിക്കോട് ജില്ലയിലെ ഹോട്ടൽ നളന്ദ വേദിയായി തെരഞ്ഞെടുത്തതിൽ 31,211/- രൂപ ചെലവായിട്ടുണ്ട്.<br>പൊതുവേദികൾ ലഭ്യമാകാത്ത അപൂർവ്വം അവസരങ്ങളിൽ മാത്രമേ ഹോട്ടലുകൾ വേദിയായി തിരഞ്ഞെടുക്കാറുള്ളൂ. ഇത്തരം വേദികളിൽവെച്ച് പരിപാടികൾ സംഘടിപ്പിക്കുമ്പോൾ പൊതുജനങ്ങൾക്ക് യാതൊരു നിയന്ത്രണവും ഏർപ്പെടുത്താറില്ല. |

സെക്ഷൻ ഓഫീസർ.